Desp. On.. 9/3/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **CP. 69*(2)/2022*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **5196**/*എസ്.ഐ.സി-ജി 6/22*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. കുഞ്ഞുമോൻ പീറ്റർ,
കാവാട്ടു പറമ്പിൽ,
മുന്നാനി, പാല – 686 575. } **പരാതി ഹർജിക്കാരൻ**

**Vs**

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
സീനിയർ സൂപ്രണ്ട്,
എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം,
റോഡ്സ് ഡിവിഷൻ, റ്റി.ബി.റോഡ്,
കോട്ടയം – 686 001. } **എതിർകക്ഷി**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 14.02.2022 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 17.03.2022 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | – |
| അപ്പീലിന് മറുപടി നൽകിയ തീയതി | – |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 22.03. 2022 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 26.03. 2022 |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. കുഞ്ഞുമോൻ പീറ്റർ, 22.03.2022ന് സമർപ്പിച്ച പരാതി ഹർജി 26.03.2022ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **CP.No.69(2)/22/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയില്ലെന്നാണ്.

3. പരാതി ഹർജിക്കാരൻ 14.02.2022ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 17.03.2022ന് മറുപടി നൽകിയതായി കാണുന്നു.

4. എതിർകക്ഷി 12.04.2022ന് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ ടി കാര്യാലയത്തിൽ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയ്ക്ക് മറുപടി നൽകിയിരുന്നുവെന്നും തുടർന്ന് ടി കാര്യാലയത്തിൽ 23.03.2022ന് ടിയാൻ അപ്പീൽ സമർപ്പിക്കുകയും ആയതിനും 02.04.2022ന് മറുപടി നൽകിയിരുന്നുവെന്നും പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നുവെന്നുമാണ്.

5. 23.01.2023 തീയതി കമ്മീഷൻ കോട്ടയം പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ വച്ചു നടത്തിയ ഹിയറിംഗിൽ പരാതി ഹർജിക്കാരൻ ഹാജരായില്ല. എതിർകക്ഷി ഹാജരായിരുന്നു.

6. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്നു എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന് മറുപടി ലഭ്യമാക്കിയില്ലെന്നാണ് കമ്മീഷൻ മുമ്പാകെ ആക്ഷേപമുന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധരേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന് മറുപടി നൽകിയിട്ടുള്ളതായി രേഖപ്പെടുത്തിയ ഡെസ്പാച്ച് രജിസ്റ്ററിന്റെ പകർപ്പ് ഹാജരാക്കി കമ്മീഷനെ ബോധ്യപ്പെടുത്തിയതിനാലും പരാതി ഹർജിയിൽ വിവരം നൽകാൻ നിയമപരമായി നിർദ്ദേശിക്കാൻ സാധിക്കാത്തതിനാലും ഈ പരാതി ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2023 ഫെബ്രുവരി 15-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/